"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. വിശ്വംഭരൻ ഇ.എൻ., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്) ഫയൽ ചെയ്ത OA 2607/2019-ന്മേലുള്ള 24.03.2021-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.841/2021/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 03/04/2021.**

---

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2607/2019-ന്മേലുള്ള 19.06.2020-ലെ ഇടക്കാല ഉത്തരവ്.

2) 22.11.2020-ലെ വിജിലൻസ് (ഡി) വകുപ്പിന്റെ വിജി-ഡി3/219/2019/വിജി നമ്പർ കത്ത്.

3) ഗ്രാമവികസന കമ്മീഷണറുടെ 10.11.2020, 22.03.2021 തീയതികളിലെ 13578/എസ്റ്റാ.എ2/2015/സിആർഡി നമ്പർ കത്ത്.

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2607/2019-ന്മേലുള്ള 24.03.2021-ലെ ഇടക്കാല ഉത്തരവ്.

<u>**ഉത്തരവ്**</u>

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വിശ്വംഭരൻ ഇ.എൻ., തന്റെ പേരിൽ വിജിലൻസ് കേസ് ഉണ്ടെന്ന കാരണത്താൽ, വിരമിച്ച് 5 വർഷം കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും ആയത് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA- 2607/2019 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA-യിന്മേലുള്ള പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ചുവടെ പറയും പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിരുന്നു.

*" Pensionary benefits cannot be withheld unless disciplinary proceedings or judicial proceedings are pending against the retired government servant. In present case no disciplinary proceedings or judicial proceedings are pending, as the final report has not been submitted before the court in the vigilance case. Therefore, there will be a direction to the respondents to release the entire pensionary benefits of applicant within one month from the date of receipt a copy of this order. "*

ശ്രീ. വിശ്വംഭരൻ ഇ.എൻ.-ന്റെ പേരിലുള്ള VC 7/2012/IDK വിജിലൻസ് കേസിന് 6 split charge ഉണ്ടെന്നും ആയതിൽ A ചാർജ് സി.സി.03/19 നമ്പറായി മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് ചാർജ്ജുകൾ ബഹുമാനപ്പെട്ട കോടതി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ടി OA-യിന്മേലുള്ള പരാമർശം (4) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ ചുവടെ പറയും പ്രകാരം വിധി പുറപ്പെടുവിക്കുകയുണ്ടായി.

*" The respondents are directed to release the entire DCRG and other pensionary benefits due to the applicant as ordered in the order dated 19.06.2020 within 10 days of receipt a copy of this order. "*

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം III ചട്ടം 3 പ്രകാരം, ഒരു ജീവനക്കാരൻ/പെൻഷണർ വകുപ്പതല/ജുഡീഷ്യൽ നടപടിക്രമങ്ങൾ നേരിടുന്നെങ്കിൽ മാത്രമേ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വച്ച് ടിയാന് പ്രൊവിഷണൽ പെൻഷൻ നൽകാൻ സാധിക്കുകയുള്ളൂ. ശ്രീ. വിശ്വംഭരൻ 31.12.2015-ൽ സർവീസിൽ നിന്നും വിരമിച്ചിരുന്നു. ടിയാന്റെ പേരിലുള്ള VC 7/2012/IDK നമ്പർ വിജിലൻസ് കേസിന്മേൽ ജുഡീഷ്യൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളത് 2019-ൽ ആണ്. അപേക്ഷകൻ വിരമിച്ചതിനു ശേഷമാണ് വിജിലൻസ് കേസ് കലണ്ടർ കേസ് നമ്പരായി മാറിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീ. വിശ്വംഭരൻ ഇ.എൻ.-ന് ഡി.സി.ആർ.ജി.-യും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും G.O (P) നം.67/2020/ഫിൻ തീയതി 27/05/2020 ഉത്തരവിന്റെ അനുബന്ധം 3 പ്രകാരമുള്ള സമ്മതപത്രം വാങ്ങിയ ശേഷം അനുവദിച്ച് നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (4) പ്രകാരമുള്ള ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. വിശ്വംഭരൻ ഇ.എൻ., റിട്ട. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പ്രവീൺ നിവാസ്, എൻ.ആർ.സിറ്റി, രാജാക്കാട്, ഇടുക്കി , പിൻ-685 566
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ (വെൽഫെയർ വിങ്) വകുപ്പ് [WW-WW3/133/2020-FIN തീയതി: 02/11/2020 പ്രകാരം]
നിയമ വകുപ്പ് [31/03/2021-ലെ 6910/Suit II (1)/21/Law പ്രകാരം]
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ